LIBRARY ARCHIVES Kerala Legislative Assembly

പെരിങ്ങൽകുത്ത് ഹൈഡൽ ടൂറിസം പദ്ധതി

181 (5586) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.യുടെ പെരിങ്ങൽകുത്ത് ഹൈഡൽ ടൂറിസം സെന്ററിൽ സഞ്ചാരികൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ടൂറിസ്റ്റ് കേന്ദ്രത്തിൽ ബോട്ടുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) പരിസ്ഥിതിക്ക് കോട്ടം തട്ടാതെ പ്രകൃതിയോട് പൂർണ്ണമായി ഇണങ്ങുന്ന രീതിയിലുള്ള അടിസ്ഥാന സൗകര്യ വികസനം മാത്രമാണ് പെരിങ്ങൽകുത്ത് ഹൈഡൽ ടൂറിസം സെന്ററിൽ നടത്തി വരുന്നത്. ഇവ അപര്യാപ്തമാക്കുന്ന രീതിയിലുള്ള സന്ദർശകരുടെ വർദ്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അനുദിനം വർദ്ധിച്ചുവരുന്ന സന്ദർശകരുടെ എണ്ണത്തിന് ആനുപാതികമായും ജലാശയത്തിന്റെ പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വിധത്തിലും സെന്ററിലെ ബോട്ടുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ടോയ്‌ലറ്റ്, കഫേറ്റീരിയ, കുട്ടികളുടെ കളിസ്ഥലം തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

ബാണാസുര സാഗർ ഹൈഡൽ ടൂറിസം പദ്ധതി

182 (5587) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വയനാട് ജില്ലയിലെ ബാണാസുര സാഗർ ഹൈഡൽ ടൂറിസം പദ്ധതിയുടെ വികസനത്തിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

വയനാട് ജില്ലയിലെ ബാണാസുര സാഗറിൽ ഇപ്പോൾ നടന്നുവരുന്ന ഹൈഡൽ ടൂറിസം പദ്ധതിയുടെ വികസനത്തിനുവേണ്ടി തയ്യാറാക്കിയ മാസ്റ്റർപ്ലാൻ അനുസരിച്ച് 135.80 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ബാണാസുര സാഗർ മെഗാ ടൂറിസം പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.